# ബൂത്ത് ലെവൽ ഓഫീസർ

# ഇ-പത്രിക

**വാല്യം 14**
**നവംബർ, 2024**




"വോട്ടർമാരുടെ നിസംഗത BLOമാരുടെ ആവേശത്താൽ മറികടക്കാനാകും."




പോളിംഗ് പങ്കാളിത്തത്തിൽ വോട്ടർമാരുടെ നിസ്സംഗത സൂചിപ്പിക്കുന്നത് നഗര, ഗ്രാമ പ്രദേശങ്ങളിലെ നിവാസികൾക്ക് വോട്ടിംഗ് പ്രക്രിയയിലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളിലും താൽപ്പര്യമോ പ്രചോദനമോ ഇടപഴകലോ ഇല്ലായ്മ കാണിക്കുന്ന ഒരു പ്രതിഭാസത്തെയാണ് . ഇത് കുറഞ്ഞ വോട്ടിംഗ് ശതമാനമായും,പ്രാദേശിക രാഷ്ട്രീയ വിഷയങ്ങളിൽ താൽപ്പര്യമില്ലായ്മയായും , രാഷ്ട്രീയ പ്രക്രിയയിൽ നിന്നുള്ള വിച്ഛേദനത്തിന്റെ പൊതുവായ വികാരമായും പ്രകടമാകും.

വോട്ടർമാരുടെ വോട്ടെടുപ്പ് പങ്കാളിത്തം വർധിപ്പിക്കുവാനും ജനാധിപത്യ പ്രക്രിയയെ കൂടുതൽ പങ്കാളിത്തമുള്ളതാക്കാനുമുള്ള ലക്ഷ്യം കൂടുതൽ മെച്ചപ്പെടുത്താൻ അഭിസംബോധന ചെയ്യേണ്ട പ്രധാന പ്രശ്നങ്ങളിലൊന്നായി ഇത് തിരിച്ചറിഞ്ഞിട്ടുണ്ട്.


## എഡിറ്റോറിയൽ കമ്മിറ്റി

**എൻ. എൻ. ബുട്ടോളിയ**
സീനിയർ പ്രിൻസിപ്പൽ സെക്രട്ടറി
(ഇലക്ടറൽ റോൾ )
ഡയറക്ടർ (EVM)

**അശോക് കുമാർ**
ഡെപ്യൂട്ടി ഡയറക്ടർ
ജനറൽ (IT)

**കുൽദീപ് കുമാർ സഹാരാവത്**
ഡയറക്ടർ (ട്രെയിനിങ് )IIDEM

**ദീപാലി മസീർക്കാർ**
ഡയറക്ടർ
(ഇലക്ഷൻ പ്ലാനിങ് )

**മധുസൂദൻ ഗുപ്ത**
സെക്രട്ടറി EVM

**സന്തോഷ് കുമാർ**
സെക്രട്ടറി,SVEEP

## എഡിറ്റോറിയൽ ടീം

**ആർ. കെ. സിംഗ്**
കോർഡിനേറ്റർ, SVEEP

**ഫർഹ ആൽവി**
ഗ്രാഫിക് ഡിസൈനർ, SVEEP

**റാഷി സക്സേന**
സെക്ഷൻ ഓഫീസർ, SVEEP

## തിരഞ്ഞെടുപ്പ് പങ്കാളിത്തത്തിൽ വോട്ടർമാരുടെ നിസ്സംഗതയ്ക്ക് കാരണമായ ഘടകങ്ങൾ



### തിരക്കുള്ള ജീവിതശൈലി

തിരക്കുള്ള ജോലി ഷെഡ്യൂളുകളും മറ്റ് സമയ പരിമിതികളും വോട്ടിംഗിൽ പങ്കെടുക്കാനുള്ള പ്രചോദനം കുറയ്ക്കും.



### നഗരജീവിതത്തിന്റെ അജ്ഞാത സ്വഭാവം

നഗരപ്രദേശങ്ങളിലെ പരിമിതമായ കമ്മ്യൂണിറ്റി ബോണ്ടുകൾ പ്രാദേശിക പ്രശ്നങ്ങളുമായുള്ള ബന്ധത്തിന്റെ അഭാവത്തിലേക്ക് നയിച്ചേക്കാം.



### കാര്യക്ഷമം അല്ലാത്ത ധാരണകൾ

"ഹമാരേ ഏക് വോട്ട് സെ ക്യാ ഹോഗാ"--- വ്യക്തിഗത വോട്ടുകൾ തിരഞ്ഞെടുപ്പ് ഫലങ്ങളെ കാര്യമായി സ്വാധീനിച്ചേക്കില്ല എന്ന വിശ്വാസം വോട്ടിംഗിൽ നിന്നും നിരുത്സാഹപ്പെടുത്തും.



### സാംസ്കാരികമായും ജനസംഖ്യാപരമായുമുള്ള വൈവിധ്യം

ജനസംഖ്യയിലെ വൈവിധ്യമാർന്ന ഉപഗ്രൂപ്പുകൾ ഭൂരിപക്ഷവുമായി താദാത്മ്യം പ്രാപിച്ചേക്കില്ല. അവബോധത്തിന്റെ അഭാവം, ഒറ്റപ്പെടുന്നു എന്ന തോന്നൽ,അല്ലെങ്കിൽ അവരുടെ സ്വാധീനത്തെക്കുറിച്ചുള്ള സംശയം എന്നീ തടസ്സങ്ങൾ അവർ പലപ്പോഴും അഭിമുഖീകരിക്കുന്നു.



### ജോലിയിലെ സ്ഥലംമാറ്റങ്ങളും ക്ഷണികമായ ജീവിതശൈലിയും

ഇടയ്ക്കിടെയുള്ള കുടിയേറ്റവും നശ്വരത ബോധവും വോട്ട് രേഖപ്പെടുത്തുന്നതിന് മുൻഗണന നൽകാനുള്ള താൽപ്പര്യം കുറയ്ക്കാൻ ഇടയാക്കും.



### പ്രാദേശിക ബന്ധങ്ങളുടെ അഭാവം

തങ്ങളുടെ കമ്മ്യൂണിറ്റിയിൽ നിന്ന് വിച്ഛേദിക്കപ്പെട്ടതായി തോന്നുന്ന വ്യക്തികൾക്ക് വോട്ടിംഗ് പോലുള്ള സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള പ്രവണത കുറവായിരിക്കും.

## വോട്ടർമാരുടെ നിസങ്കത പരിഹരിക്കാൻ ബിഎൽഒമാർക്ക് കഴിയും

ജനങ്ങൾക്കും തിരഞ്ഞെടുപ്പ് കമ്മീഷനും ഇടയിലുള്ള പാലമായി ബിഎൽഒ നിലകൊള്ളുന്നു, എല്ലാ ചോദ്യങ്ങളെയും സമർപ്പണത്തോടെ അഭിസംബോധന ചെയ്യുന്ന വഴികാട്ടിയാണ്. തിരഞ്ഞെടുപ്പ് യാത്രയിലെ ഒരു വഴിവിളക്ക് പോലെ, അവർ ബന്ധപ്പെടുന്നതിന്റെ ആദ്യ പോയിന്റായി വിശ്വാസം വളർത്തുകയും , ഓരോ ശബ്ദത്തിനും അതിന്റെ സ്ഥാനം ഉറപ്പാക്കുകയും വോട്ടർമാരുടെ നിസ്സംഗതയെ ഫലപ്രദമായി അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

(CLICK ON SCREEN)
https://drive.google.com/file/d/1w4-7-eMvV0w6WwCXeDTxHsRH8pXAKKCD/view?usp=sharing



ശ്രീ രാജീവ് കുമാർ CEC, ECI, BLO മാരുടെ പങ്ക് ഊന്നിപ്പറയുന്നു.

### വോട്ടർമാരുമായി ഇടപഴകാനുള്ള നൂതന മാർഗങ്ങൾ

- വാരാന്ത്യങ്ങളിലോ വൈകുന്നേരങ്ങളിലോ ഫ്ലെക്സിബിൾ രജിസ്ട്രേഷൻ ഡ്രൈവുകളും വോട്ടിംഗ് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നതിലൂടെ, തിരക്കേറിയ ഷെഡ്യൂളുള്ള ആളുകൾക്ക് തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കാൻ എളുപ്പമാകുന്നു.
- കമ്മ്യൂണിറ്റികൾക്കുള്ളിൽ വ്യക്തിബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിലൂടെ, BLO- മാർക്ക് സ്വന്തം എന്ന ബോധം വളർത്താനും തിരഞ്ഞെടുപ്പിൽ ഏർപ്പെടാൻ വ്യക്തികളെ പ്രോത്സാഹിപ്പിക്കാനും കഴിയും.
- സ്ഥലം മാറുന്ന വോട്ടർമാർക്ക് വോട്ടർ പട്ടികയിൽ പേര് പുതുക്കാൻ സഹായിക്കും..
- ടാർഗെറ്റുചെയ്ത ഗ്രൂപ്പുകൾക്ക് ടാർഗെറ്റുചെയ്ത സന്ദേശങ്ങൾ നൽകുന്നതിലൂടെ, വോട്ടിംഗ് വിവരങ്ങൾ വൈവിധ്യമാർന്ന പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകൾക്ക് കൂടുതൽ പ്രാപ്യവും പ്രസക്തവുമാക്കുന്നു.
- ഓരോ ഘട്ടത്തിലൂടെയും വ്യക്തികളെ നയിച്ചുകൊണ്ട് രജിസ്ട്രേഷൻ പ്രക്രിയ ലളിതമാക്കുക, നടപടിക്രമങ്ങൾ വ്യക്തമാക്കുക, അതുവഴി വോട്ടുചെയ്യുന്നതിനുള്ള തടസ്സങ്ങൾ കുറയ്ക്കുക.
- വിട്ടുനിൽക്കുന്ന വോട്ടർമാരെ അതിരാവിലെ അല്ലെങ്കിൽ പോളിംഗ് സ്റ്റേഷനിൽ നീണ്ട ക്യൂ ഇല്ലാത്ത സമയങ്ങളിൽ വോട്ട് ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നു. വിപുലമായ അവബോധം ഉറപ്പാക്കുന്നതിനായി ഈ വിവരങ്ങൾ നിയുക്ത കമ്മ്യൂണിറ്റി/സൊസൈറ്റി വാട്ട്സ്ആപ്പ് ഗ്രൂപ്പിലൂടെ പങ്കിടുന്നു.

## എളുപ്പത്തിൽ വോട്ട്ചെയ്യാവുന്നത് ജനകീയമാക്കുന്നു.

പോളിംഗ് സ്റ്റേഷനിൽ കുടിവെള്ളം, വെയ്റ്റിംഗ് ഷെയ്ഡുകൾ, ജല സൗകര്യമുള്ള ടോയ്‌ലറ്റ്, മതിയായ ലൈറ്റിംഗ്, പിഡബ്ല്യുഡി ഇലക്ടർമാർക്കായി ശരിയായ ഗ്രേഡിയന്റുള്ള റാമ്പ്, ശരിയായ വോട്ടിംഗ് കമ്പാർട്ട്മെന്റ് തുടങ്ങിയ ഉറപ്പുനൽകിയ മിനിമം സൗകര്യങ്ങളെക്കുറിച്ച് (എഎംഎഫ്) വ്യക്തമായ അടയാളങ്ങൾ വഴി വോട്ടർമാരെ ബോധ്യപ്പെടുത്തണം. ഇത് വോട്ടുചെയ്യൽ എളുപ്പം ഉറപ്പാക്കുകയും പോളിംഗ് ബൂത്തുകളിൽ വന്ന് വോട്ടുചെയ്യാൻ പൗരന്മാരെ പ്രോത്സാഹിപ്പിക്കയും ചെയ്യും.







## ECI-IT ആപ്പുകൾ പരിചിതമാക്കുന്നു

വോട്ടർമാരുടെ സങ്കീർണതകൾ കുറയ്ക്കുന്നതിനും രജിസ്ട്രേഷൻ ലളിതമാക്കുന്നതിനും വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള ഒരു പരിഹാരം.

### വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ്

1. രജിസ്ട്രേഷനും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സേവനങ്ങളും സൗകര്യപ്രദമായി ഒരൊറ്റ പ്ലാറ്റ്ഫോമിൽ നൽകുന്നതിനുള്ള ഏക ജാലക പരിഹാരം.
2. മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ വിശദാംശങ്ങൾ എളുപ്പത്തിൽ പരിശോധിക്കുന്നത് വഴി നിങ്ങൾക്ക് അറിവോടെയുള്ള തീരുമാനമെടുക്കാൻ സാതിക്കും.




### സക്ഷം ആപ്പ്

1. പുതിയ വോട്ടർ കാർഡിന് അപേക്ഷിക്കുക.
2. സ്വയം വൈകല്യമുള്ള വ്യക്തിയായി (PwD) അടയാളപ്പെടുത്തുക.
3. ആവശ്യമെങ്കിൽ വീൽചെയറിനായി അപേക്ഷിക്കുക. 4. വീട്ടിൽ വോട്ട് ചെയ്യാനുള്ള സൗകര്യത്തിനായി അഭ്യർത്ഥിക്കുക.




### നോ യുവർ കാൻഡിഡേറ്റ് ആപ്പ്

1. വോട്ടർമാരെ അവരുടെ പേരുകൾ ഉപയോഗിച്ച് സ്ഥാനാർത്ഥികളെ തിരയാൻ അനുവദിക്കുന്നു
2. സ്ഥാനാർത്ഥിക്ക് എന്തെങ്കിലും മുൻ ക്രിമിനൽ പശ്ചാത്തലം ഉണ്ടെങ്കിൽ അതിനെക്കുറിച്ചുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുന്നു.
3. സ്ഥാനാർത്ഥിക്ക് എതിരെ ഫയൽ ചെയ്ത ഏതെങ്കിലും ക്രിമിനൽ കേസുകളുടെ സ്റ്റാറ്റസ് വിവരങ്ങൾ നൽകുന്നു.




### സി - വിജിൽ ആപ്പ്

1. മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ (MCC) ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യാൻ ഉപയോക്താക്കളെ അനുവദിക്കുന്നു.
2. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കാൻ പൗരന്മാർക്ക് ഒരു പ്ലാറ്റ്ഫോം നൽകുന്നു.
3. ലംഘനം നടന്ന ലൊക്കേഷൻ ട്രാക്ക് ചെയ്യുന്നതിന് GPS ഉപയോഗിക്കുന്നു.
4. തത്സമയ സംഭവങ്ങൾ മാത്രം പകർത്താൻ ഉപയോക്താക്കളെ അനുവദിക്കുന്നു.
5. പരാതിയുടെ പുരോഗതി ട്രാക്ക് ചെയ്യുന്നു.
6. മാതൃക പെരുമാറ്റച്ചട്ട ലംഘനം അജ്ഞാതമായി റിപ്പോർട്ട് ചെയ്യാൻ അവസരം നൽകുന്നു.




## പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്കായി ലക്ഷ്യമിട്ടുള്ള പ്രചാരണങ്ങൾ

ഗ്രാമീണ സ്ത്രീകൾ, ആദിവാസി വിഭാഗങ്ങൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വോട്ടർമാർ എന്നിവരുൾപ്പെടെ കുറഞ്ഞ വോട്ടർമാരുള്ള കമ്മ്യൂണിറ്റികളെ ലക്ഷ്യമാക്കി ECI ബോധവൽക്കരണ പരിപാടികൾ നടത്തുന്നു. ഈ ക്യാമ്പയിനുകൾ നയിക്കാൻ BLO- മാർക്ക് കമ്മ്യൂണിറ്റി നേതാക്കളെ ഉൾപ്പെടുത്താനാകും.

BLO- മാർ വിശ്വസനീയവും പ്രാപ്യവുമായ വിവര സ്രോതസ്സുകളായി പ്രവർത്തിക്കുന്നതിനാൽ, അവർക്ക്

വോട്ടുചെയ്യുന്നതിനുള്ള ഓരോ തടസ്സവും പരിഹരിക്കാനും,

തിരഞ്ഞെടുപ്പ് പങ്കാളിത്തം ഓരോ വ്യക്തിക്കും ആകർഷകവും പ്രായോഗികവുമാക്കാനും കഴിയും.

# ഓരോ വോട്ടും പ്രാധാന്യമർഹിക്കുന്നു- BLO- ക്ക് അത് ജനകീയമാക്കാൻ കഴിയും

ബെഞ്ച്മാർക്ക് വൈകല്യമുള്ള വോട്ടർമാർ, 85 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന വോട്ടർമാർ , അവശ്യ സേവനങ്ങളിൽ ജോലി ചെയ്യുന്ന വോട്ടർമാർ , കൊവിഡ് സംശയിക്കുന്ന/ബാധിതരായ വോട്ടർമാർ എന്നിവർ ഓപ്ഷണൽ തപാൽ ബാലറ്റ് സൗകര്യത്തിന് അർഹരാണ്. ഇത് തിരഞ്ഞെടുപ്പ് നിയമങ്ങൾ 1961-ൽ റൂൾ 27 ക്ലോസ് (എഎ)യിൽ 'അബ്സെൻറ്റീ വോട്ടർ' ആയി നിർവചിച്ചിരിക്കുന്നു. റിട്ടേണിംഗ് ഓഫീസർമാർക്ക് ഫോം 12D വഴി അപേക്ഷ സമർപ്പിച്ചുകൊണ്ട് അവർക്ക് പോസ്റ്റൽ ബാലറ്റ് വഴി വോട്ട് ചെയ്യാൻ തിരഞ്ഞെടുക്കാം.

BLO - മാർ 12D ഫോമുകൾ വിതരണം ചെയ്യുകയും അറിയിപ്പ് ലഭിച്ച് 5 ദിവസത്തിനുള്ളിൽ അവരിൽ നിന്ന് അത് തിരിച്ചു ശേഖരിക്കുകയും.ഉടനടി RO യുടെ പക്കൽ നിക്ഷേപിക്കുകയും ചെയ്യണം.



**PwD**

പിഡബ്ല്യുഡി നിയമം- 2016 സെക്ഷൻ 2 പ്രകാരം 40% മുകളിൽ ബെഞ്ച്മാർക്ക് വൈകല്യം ഉള്ള വോട്ടർമാർ.



**മുതിർന്ന പൗരൻ**

85 വയസ്സിനു മുകളിലുള്ള വോട്ടർമാർ



**കൊവിഡ് രോഗി/ സംശയിക്കുന്ന വ്യക്തി**




**12D** — 1. യോഗ്യതയുള്ള വോട്ടർമാർക്ക് BLO ഫോം 12D നൽകുന്നു.

**പൂരിപ്പിക്കുക** — 2. ഇലക്ടർമാർ ഫോം പൂരിപ്പിക്കുന്നു

**ആർ.ഒ** — 3. BLO പൂരിപ്പിച്ച ഫോം ശേഖരിക്കുന്നു

**വീട് സന്ദർശിക്കുക** — 4. പോളിംഗ് ഓഫീസർമാരുടെ ഒരു സംഘം യോഗ്യരായ വോട്ടർമാരുടെ വീട് സന്ദർശിക്കുന്നു.

**വോട്ട് ചെയ്യുക** — 5. വോട്ടർമാർ അവളുടെ/ അവരുടെ വോട്ട് രേഖപ്പെടുത്തുന്നു.

ഈ വോട്ടിംഗ് പ്രക്രിയ ഓപ്ഷണൽ ആണ്, നിർബന്ധമല്ല. വോട്ടർമാർക്ക് പോളിംഗ് സ്റ്റേഷനിൽ വോട്ട് ചെയ്യാനും തീരുമാനം എടുക്കാം.

ബൂത്ത് ലെവൽ ഓഫീസർമാർ ഈ വ്യവസ്ഥയെക്കുറിച്ച് യോഗ്യരായ വോട്ടർമാരെ അറിയിക്കുകയും വീടുതോറും സന്ദർശനം നടത്തി അവർക്ക് സൗകര്യമൊരുക്കുകയും വേണം.

## താഴെ തട്ടിൽ നിന്ന്

### *1. ജനാധിപത്യത്തിന്റെ വിത്തുകൾ: ഒരു BLO യുടെ യാത്ര*



**പേര്: മുഹമ്മദ് സാദീഖ്**
**പോളിംഗ് സ്റ്റേഷൻ നമ്പർ: ഭാഗം നമ്പർ.** *80*
**പോളിംഗ് സ്റ്റേഷന്റെ പേര്: ചുരണ്ട, കേന്ദ്രഭരണ പ്രദേശമായ ജമ്മു ആൻഡ് കശ്മീരിലെ**
***2019* ലോകസഭ ഇലക്ഷനിലെ വോട്ടർ ടേൺഔട്ട്** *12%* **2024 ലോകസഭ ഇലക്ഷനിലെ വോട്ടർ ടേൺഔട്ട്** *49%*
**അസ്സംബ്ലി ഇലക്ഷൻ** ***2024*ൽ ആകെ പോൾ ചെയ്ത വോട്ടുകൾ** *716* **ആകെ വോട്ടർമാർ** *793*

https://drive.google.com/file/d/1LiKkZB9McTUg4Ww7-vFfnuT1ovIquakk/view?usp=drive_link

## 12%(2019) ൽ നിന്നും 49%(2024) ലേക്ക് വോട്ടർ ടേൺഔട്ട് മെച്ചപ്പെടുത്തിയതിനുള്ള സമർദ്ധമായ നടപടികൾ :



വോട്ടർ സ്ലിപ്പ് വിതരണം, ബി.എൽ.ഒ വലതുവശത്ത് നിൽക്കുന്നു

### വോട്ടർ രജിസ്ട്രേഷൻ

രജിസ്ട്രേഷൻ പേപ്പർവർക്കിലൂടെ യോഗ്യരായ വോട്ടർമാരെ ഞാൻ സജീവമായി നയിച്ചു, ആരും അവശേഷിച്ചിട്ടില്ലെന്ന് ഉറപ്പാക്കുകയും തിരഞ്ഞെടുപ്പ് ദിനത്തിലെ ഉയർന്ന പോളിംഗിനായി കൂടുതൽ ഉൾക്കൊള്ളിക്കുന്ന വോട്ടർ അടിത്തറ വളർത്തുകയും ചെയ്തു.



വോട്ടർ സെൻസിറ്റൈസേഷൻ ഡ്രൈവുകൾ

### വോട്ടർമാർക്ക് പ്രചോദനം

രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ വോട്ടിന്റെ ശക്തിയെക്കുറിച്ചുള്ള ധാരണ ആഴത്തിലാക്കാൻ വ്യക്തിപരമായ ഇടപെടലും സ്വാധീനമുള്ള സന്ദേശമയയ്ക്കലും വഴി എന്റെ പ്രദേശത്തെ വോട്ടർമാർക്കിടയിൽ പൗരത്വ ബോധവും ഉത്തരവാദിത്തവും വളർത്താൻ ഞാൻ ലക്ഷ്യമിട്ടത്.

## 2. സ്റ്റാൻഡേർഡ് ക്രമീകരണം : 100% വീടുതോറുമുള്ള സർവേയും വോട്ടർ രജിസ്ട്രേഷൻ വിജയവും



പേര്: നിമ്മല ലീല
പോളിംഗ് സ്റ്റേഷൻ നമ്പർ: ഭാഗം നമ്പർ. 45
പോളിംഗ് സ്റ്റേഷന്റെ പേര്: കാമറെഡ്ഡി അസംബ്ലി മണ്ഡലം, തെലങ്കാന
ഉദ്യോഗം : അംഗൻവാടി ടീച്ചർ, ബൂത്ത് ലെവൽ ഓഫീസറായി (BLO) സേവനം ചെയ്യുന്നു

https://drive.google.com/file/d/1aUqo1Vl3Env0jpWPF0FeRiOB8mWl3cRF/view?usp=drive_link

- 016-കാമറെഡ്ഡി നിയമസഭാ മണ്ഡലത്തിൽ 100% വീടുതോറുമുള്ള (H2H) സർവേ വിജയകരമായി പൂർത്തിയാക്കി. - എച്ച് 2 എച്ച് സർവേ പൂർത്തിയാക്കിയ നിയോജക മണ്ഡലത്തിലെ ആദ്യ വ്യക്തി എന്ന നേട്ടം കൈവരിച്ചു. - പൽവഞ്ച മണ്ഡലിലെ വാഡി വില്ലേജിലെ പോളിംഗ് സ്റ്റേഷൻ നമ്പർ 45-ൽ വിപുലമായ വോട്ടർ രജിസ്ട്രേഷൻ കാമ്പെയ്നുകൾ സംഘടിപ്പിച്ചു. - കമ്പ്യൂട്ടർ വൈദഗ്ധ്യം, BLO ആപ്പിന്റെ ഫലപ്രദമായ ഉപയോഗം, വോട്ടർ രജിസ്ട്രേഷൻ ശ്രമങ്ങളോടുള്ള സജീവമായ സമീപനം എന്നിവയിൽ അവരുടെ പ്രാവീണ്യം അംഗീകരിക്കപ്പെട്ടു.

## 3. ചെയ്യുന്നതിലുള്ള അഭിമാനം



പേര് : എം.ഡി. അൻവർ പോളിംഗ് സ്റ്റേഷൻ നമ്പർ: ഭാഗം നമ്പർ.48
പോളിംഗ് സ്റ്റേഷന്റെ പേര്: പശ്ചിമ ബംഗാളിലെ കൊൽക്കത്ത സൗത്ത് ഡിസ്ട്രിക്റ്റിലെ നമ്പർ 158 കൊൽക്കത്ത പോർട്ട് അസംബ്ലി മണ്ഡലത്തിന് താഴെ ഉള്ള മഹ്മൂദിയ പ്രൈമറി സ്കൂൾ

എം.ഡി. അൻവറിന്റെ തളരാത്ത പരിശ്രമം ഒരു ശൃംഖലാപതിപവർത്തനത്തിന് കാരണമായി: - റാഷണലൈസേഷൻ പ്രക്രിയയുടെ സമയത്ത് അദ്ദേഹം നൽകിയ ഫീൽഡ് ലെവൽ ഡാറ്റ വിശ്വസ്ഥവും നിർണായകവുമായിരുന്നു എന്നത് എടുത്തുപറയേണ്ടതാണ്. - തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ നല്ല അറിവുള്ള എം.ഡി. അൻവർ, വോട്ടർമാരുമായുള്ള നിരന്തര ഇടപെടലിലൂടെ ഫലപ്രദമായ പ്രചരണം താഴെത്തട്ടിലേക്ക് ഉറപ്പാക്കുന്നു, അതുവഴി അവരിൽ ആത്മവിശ്വാസം വളർത്തുന്നു.-
ജനസാന്ദ്രതയേറിയ ഗാർഡൻ റീച്ച് ഏരിയയിൽ BLO ആയി ജോലി ചെയ്യുന്ന അദ്ദേഹം, നിലവിലുള്ളതും വരാൻ പോകുന്നതുമായ വോട്ടർമാരുടെ ചോദ്യങ്ങൾ പരിഹരിക്കുന്നതിൽ അസാധാരണമായ ശാന്തതയും സംയമനവും പ്രകടിപ്പിക്കുന്നു.




പിങ്ക് ഷർട്ട് ധരിച്ച ബിഎൽഒ വീടുതോറുമുള്ള സന്ദർശനത്തിൽ നിന്ന്



## 4. BLO ആപ്പ് ഉപയോഗിക്കുന്നതിൽ സജീവമായ സമീപനം



പേര്:-ലക്ഷ്മി ദേവി
പോളിംഗ് സ്റ്റേഷൻ നമ്പർ:-532
പോളിംഗ് സ്റ്റേഷന്റെ പേര്:-അപ്ഗ്രേഡ്ട് മിഡിൽ സ്കൂൾ, (36 ബൊക്കാറോ)ജാർഖണ്ഡ്

36 ബൊക്കാറോ നിയമസഭാ മണ്ഡലത്തിൽ ലക്ഷ്മി ദേവി 100% വീടുതോറുമുള്ള സർവേ വിജയകരമായി പൂർത്തിയാക്കി, ഈ നാഴികകല്ല് കൈവരിക്കുന്ന മേഖലയിലെ ആദ്യ വ്യക്തിയായി.ചാസ് ബ്ലോക്കിലെ ബദാദിഹ് ഗ്രാമത്തിലെ 532-□□ നമ്പർ പോളിംഗ് സ്റ്റേഷനിൽ അവർ തീവ്രമായ വോട്ടർ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അവരുടെ ശക്തമായ കമ്പ്യൂട്ടർ പരിജ്ഞാനം , BLO ആപ്പിന്റെ കാര്യക്ഷമമായ ഉപയോഗം, വോട്ടർ രജിസ്ട്രേഷൻ സംരംഭങ്ങളിൽ സജീവമായ സമീപനം എന്നിവ അവർക്ക് ശ്രദ്ധേയമായ അംഗീകാരം നേടിക്കൊടുത്തു




### 1. ബോധവൽക്കരണം *whatsapp*-ലെ ആനിമേഷൻ ഫിലിമുകളിലൂടെ

പേര്: അഞ്ജലി മഹാമാൻ
പോളിംഗ് സ്റ്റേഷൻ നമ്പർ: നം.224, ബാങ്കി 88, അസം







### 2. താഴെ തട്ടിൽ നിന്നുള്ള അനുഭവങ്ങൾ പങ്കുവെക്കുന്ന *BLO* മാർ

- പേര്: ധൻജിത് ദുലെ
  പോളിംഗ് സ്റ്റേഷൻ: നാ-അലി മിരി എൽപി സ്കൂൾ, അസം
- പേര്: രൂപ പെഗു
  പോളിംഗ് സ്റ്റേഷൻ: നാ-അലി മിരി എൽപി സ്കൂൾ, അസം
- പേര്: ജിലികി ഡോളി
  പോളിംഗ് സ്റ്റേഷൻ: ന-അലി അവനറി ഹൈസ്കൂൾ
  ലഖിംപൂർ, അസം

# ലോക്സഭാ തിരഞ്ഞെടുപ്പിലെ പോളിംഗ് പങ്കാളിത്തത്തിന്റെ ശതമാനം

**BLO മാർക്ക് ഒരു മാറ്റമുണ്ടാക്കാൻ കഴിയും**

## 2014

66.30% വോട്ട് ചെയ്തവർ



33.7% വോട്ട് ചെയ്യാത്തവർ

## 2019

67.1% വോട്ട് ചെയ്തവർ



32.9% വോട്ട് ചെയ്യാത്തവർ



## 2024

66% ഏകദേശ വോട്ടർമാർ



34% വോട്ട് ചെയ്യാത്തവർ



**ഒരു വോട്ടർ പോലും മാറ്റിനിർത്തപ്പെടരുത്**




**ഹോളിഡേ**

**വോട്ടെടുപ്പ് ദിവസം ഹോളിഡേ പ്രഖ്യാപിക്കുന്നു.**
**ഇത് അവധി അല്ല വോട്ടെടുപ്പ് ദിവസം ആണ്!**

**നിങ്ങളുടെ പോളിംഗ് സ്റ്റേഷൻ കണ്ടെത്തുക:**

voters.eci.gov.in

Call Voter Helpline - 1950

Voter Helpline App



**പോളിംഗ് ബൂത്തിൽ ഗാഡ്ജറ്റുകൾ അനുവദിക്കില്ല.**